കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# അമരമ്പലം ഗ്രാമപഞ്ചായത്ത്

2017-18

ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/എം.പി.എം.26/18/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം

തീയതി.22-01-2019

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ്,(സെക്രട്ടറി മുഖേന)

അമരമ്പലം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : അമരമ്പലംഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അമരമ്പലം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട്, Aims വെബ്സൈറ്റ് മുഖേന പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

എം.എ.2/19

നം കെ.എസ്.എ.എം.പി.എം.26/18/2019

തിയ്യതി:22-01-2019

## മലപ്പുറം ജില്ലയിലെ അമരമ്പലം ഗ്രാമ പഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ അമരമ്പലം ഗ്രാമ പഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 30/06/2017 മുതൽ 09/12/2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

---------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. എ. എസ്. ഷാജഹാൻ,ഡെപ്യൂട്ടി ഡയറക്ടർ(ഹയർ ഗ്രേഡ് )

---------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 10-12-2018മുതൽ 22-12-2018വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. ടി.പി.അബ്ദുൾ ജലീൽ | ഓഡിറ്റ് ഓഫീസർ |
| ശ്രീ. മുഹമ്മദ് സലീം. ടി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. രാമകൃഷ്ണൻ .ടി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. അമീൻ ഫൈസൽ.ടി.ടി | ഓഡിറ്റർ |

### ബി ) നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി. സുജാത .സി | 01.04.2017 മുതൽ 31.03.2018 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ.വി.ജെ. ആന്റണി | 01.04.2017 മുതൽ<br>12.06.17 വരെ |
| ശ്രീ.ഐ. അബ്ദുൾറഷീദ് (സെക്രട്ടറിയുടെ അധിക ചുമതല) | 13.06.2017മുതൽ<br>21.06.2017വരെ |
| ശ്രീ. വി,ശിവദാസൻ നായർ | 22.06.2017മുതൽ<br>31.03.2018 വരെ |

മറ്റു നിർവഹണ ഉദ്യോഗസ്ഥർ.

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| വെറ്ററിനറി സർജൻ | ഡോ.ജിബിൻ ജോർജ് | 01.04.2017മുതൽ 31.03.2018വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. സവിത പി പി | 01.04.2017മുതൽ09.06.2017 FN വരെ |
| | ഡോ. റിയ മുഹമ്മദ് | 10.06.2017AN മുതൽ 23.08.2017 വരെ |
| | ഡോ. പ്രമോദ് വി.വി | 24.08.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (പി എച്ച് സി ) | ഡോ. പർവ്വീൺ പി റ്റി | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം ) | ഡോ. ഷിജോയ് വി എസ് | 01.04.2017 മുതൽ 31.03.2018 വരെ |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീമതി. നിഷ കെ | 01.04.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.കെ പി റഹ്മത്ത് | 01.04.2017മുതൽ 31.03.2018 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.ദിവ്യ.ജി.എൻ | 01.04.2017 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീ. ലിജു എബ്രഹാം | 01.04.2017 മുതൽ 31.03.2018 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ. പ്രദീപ് നെല്ലിക്കോടൻ | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. ജോസ് എം പി | 01.04.2017 മുതൽ 05.04.2017 |

| | | |
|---|---|---|
| | | വരെ |
| | ശ്രീ. ഷിജുമോൻ കെ പി | 06.04.2017 മുതൽ 28.05.2017 വരെ |
| | ശ്രീ. അനോജ് കുമാർ | 29.05.2017 മുതൽ 31.03.2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ. ബിന്ദു സുധാകർ | 01.04.2017മുതൽ 31.03.2018 വരെ |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം I പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | തൊഴിലുറപ്പ് പദ്ധതി | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | വാർഷിക കണക്ക് പരിശോധന -അപാകതകൾ | | |
| ഭാഗം II വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 13 | ഇ-ടെണ്ടർ - ടെണ്ടർ ഫീ ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടില്ല. | 2-1 | |
| 14 | വസ്തു നികുതി-അപാകതകൾ | 2-2 | |
| 15 | രസീതി ബുക്കുകളുടെ ഉപയോഗം - സംബന്ധിച്ച്. | 2-3 | |
| ഭാഗം III ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 16 | റൂഫിംഗ് ഷീറ്റിടുന്ന പ്രവൃത്തികൾ - കനം കുറഞ്ഞ ഷീറ്റ് ഉപയോഗിച്ചത് - തുക തിരിച്ചടവാക്കി. | 3-1 | |
| 17 | തെരുവ് വിളക്ക് സ്ഥാപിയ്ക്കൽ പദ്ധതി - അപാകതകൾ | 3-2 | |

| | | | |
|---|---|---|---|
| 18 | ഡെപ്പോസിറ്റ് പ്രവൃത്തികൾ - പൂർത്തീകരണ വിവരം / ബാക്കി തുക ലഭ്യമായതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. | 3-3 | |
| 19 | കറവ പശുവളർത്തൽ- സബ്സിഡി അർഹത സംബന്ധിച്ച്. | 3-4 | |
| 20 | കുടിവെള്ള ഗാർഹിക കണക്ഷൻ പദ്ധതി - കണക്ഷനെടുത്തതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. | 3-5 | |
| 21 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് . | 3-6 | |
| 22 | ഗാർഹിക ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. | 3-7 | |
| 23 | രജിസ്റ്റർ ചെയ്ത ക്ലബ്ബുകൾക്ക് സ്പോർസ് കിറ്റ് പദ്ധതി - അപാകതകൾ | 3-8 | |
| 24 | പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് - രേഖകൾ ലഭ്യമാക്കേണ്ടതാണ് | 3-9 | |
| 25 | അനുപൂരകപോഷകാഹാരം എസ് സി/ എസ് ടി – പരിശോധനാവിധേയമാക്കേണ്ടതാണ്. | 3-10 | |
| 26 | വി ഇ ഒ യുടെ പേരിലുള്ള ഭവനനിർമ്മാണ പദ്ധതികളുടെ അക്കൗണ്ടിലെ തുകകൾ- ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് മുതൽക്കൂട്ടിയില്ല. | 3-11 | |
| 27 | ആശ്രയപദ്ധതി -നടത്തിപ്പ് കാര്യക്ഷമമായില്ല | 3-12 | |
| 28 | മരുന്ന് ലഭ്യമായില്ല. . | 3-13 | |
| ഭാഗം IVപൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 29 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 30 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 32 | വായ്പ / വായ്പ തിരിച്ചടവ് | 4-4 | |
| 33 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 34 | ഓഡിറ്റ് റിക്കവറി | 4-6 | |
| 35 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 37 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4 -9 | |
| 38 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 | |
| 39 | അനുബന്ധം: ഓഡിറ്റ് സാക്ഷ്യപത്രം | | |


# ഭാഗം 1

# പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 23.03.2017 തിയതിയിലെ 1-ാം തീരുമാനപ്രകാരം അംഗീകരിച്ചു പുതുക്കിയ ബജറ്റ് 08.03.2018 തിയതിയിലെ 3/1-ാം തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 18.04.2018 | | |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 20.06.2018 മുതൽ 21.06.2018 | കെ എസ് എ -എം പി എം 26/947/2018 തി. 03.08.18 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,31,51,335 |
| വരവ് | 9,66,61,645 |
| ആകെ | 11,98,12,980 |
| ചെലവ് | 10,69,79,651 |
| നീക്കിയിരിപ്പ് | 1,28,33,329 |

## 1-5 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 23192000 | 23192000 | 22255146 | 936854 | 96 |
| വികസനഫണ്ട് എസ്.സി.പി. | 0 | 8729666 | 8729666 | 8043016 | 686650 | 92 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 2080155 | 2080155 | 1357500 | 722655 | 65 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 17930000 | 17930000 | 17848551 | 81449 | 99 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5331000 | 5331000 | 5331000 | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 10892385 | 10892385 | 10854229 | 38156 | 99.64 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 2013095 | 2013095 | 1928447 | 84648 | 95.79 |
| എം.എൻ.ആർ.ഇ.ജി.എസ്. | 1000 | 12975040 | 12976040 | 12925478 | 50562 | 99.61 |
| ബി ഫണ്ട് | 0 | 56711480 | 56711480 | 56711480 | 0 | 100 |
| സാക്ഷരത | 1180 | 47 | 1227 | 0 | 1227 | 0 |
| എസ് എസ് എ | 23498 | 876 | 24374 | 0 | 24374 | 0 |
| എസ് ടി കോർപ്പസ് ഫണ്ട് | 1949882 | 65179 | 2015061 | 620094 | 1394967 | 31 |
| തനത്ഫണ്ട് | 2774471 | 9538500 | 12312971 | 7293000 | 5019971 | 59 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 15563341 | 11410000 | 26973341 | 24483529 | 2489812 | 91 |
| വിമുക്തി ഫണ്ട് | 25000 | 12500 | 37500 | 12500 | 25000 | 33 |
| സാനിറ്റേഷൻ ഫണ്ട് | 2606638 | 2043799 | 4650437 | 104538 | 4545899 | 2 |
| യൂനിയൻ ബാങ്ക് (എസ് ജി ആർ വൈ) | 70 | - | 70 | - | 70 | 0 |
| അമരമ്പലം സർവ്വീസ് കോ.ഓപ്പ്.ബാങ്ക് -37 | 1510 | - | 1510 | - | 1510 | 0 |
| അമരമ്പലം സർവ്വീസ് കോ.ഓപ്പ്.ബാങ്ക് -34 | 99,990 | - | 99,990 | - | 99,990 | 0 |
| എസ് ജി ആർ വൈ - 'ടി പി അക്കൗണ്ട് | 100 | - | 100 | - | 100 | 0 |
| സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ടിന്റെ വിവരം | | 1895000 | 1895000 | 1707000 | 188000 | 190 |

തുക വാർഷിക കണക്കുമായി വ്യത്യാസമുണ്ട്.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 270 | 112693623 | 184 | 76842124 | 76 | 10 | 68 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1000 | 1078693 | 1079693 | 1029131 | 50562 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 11896347 | 11896347 | 11896347 | 0 |
| ആകെ | 1000 | 12975040 | 12976040 | 12925478 | 50562 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 163680 | 286 |
| കർഷകതൊഴിലാളി പെൻഷൻ | 7908300 | 687 |
| വിധവാപെൻഷൻ | 19717000 | 1658 |
| വാർദ്ധക്യകാലപെൻഷൻ | 22298100 | 1763 |
| വികലാംഗപെൻഷൻ | 4990700 | 416 |
| വിവാഹധനസഹായം | 780000 | 26 |
| 50 വയസ്സിനുമുകളിൽ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 805700 | 95 |
| | | |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.12.2018 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 12645രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

2017-18 വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതികളൊന്നും തന്നെ മോണിറ്ററിംഗ് നടത്തിയിട്ടില്ല. വിവിധ പദ്ധതികൾക്കായി തുക ചെലവിടുന്നതിനുമപ്പുറം പദ്ധതികൾ ഉദ്ദേശലക്ഷ്യം കൈവരിയ്ക്കുന്നുണ്ടോയെന്ന് പരിശോധിയ്ക്കപ്പെടേണ്ടത് അത്യാവശ്യമാണ്.പദ്ധതികളുടെ നടത്തിപ്പിൽ വിവിധ വർക്കിംഗ് ഗ്രൂപ്പുകളുടെയും സ്റ്റാൻറിംഗ് കമ്മറ്റികളുടെയും ഇടപെടലുകളും ആശാവഹമല്ല. അപാകത പരിഹരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിനെ ഒരൊറ്റ യൂണിറ്റായി കണക്കിലെടുത്തു കൊണ്ട് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുവാനും ആനുകൂല്യ വിതരണം നടത്തുവാനും ശ്രദ്ധിയക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 06.12.2018 | 01.11.2018<br>30.11.2018 | 06.12.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.09.2008 മുതൽ<br>27.09.2008 വരെ | 1997-98 മുതൽ<br>2007-08 വരെ | 14.11.2008 |

## 1-12 വാർഷിക കണക്ക് പരിശോധന -അപാകതകൾ

2017-18 വർഷത്തെ വാർഷിക കണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)പൊതുവിഭാഗം വികസനഫണ്ട് വരവ് വാർഷിക കണക്ക് പ്രകാരം 22055146 രൂപയും , എ സി ആർ പ്രകാരം 22255146 രൂപയുമാണ്.

2) അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറിയ സാമ്പത്തിക വർഷത്തിനു മുൻമ്പുള്ള ആസ്തി ബാധ്യതകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

3)അടിസ്ഥാന അനുപാതകങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഇ-ടെണ്ടർ - ടെണ്ടർ ഫീ ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടില്ല.

GO(MS) No 232/2013/LSGD/25-6-2013 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 5 ലക്ഷം രൂപയോ അതിന് മുകളിലോ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കി. ഇത്തരം പ്രവൃത്തികളുടെ ഓൺലൈൻ ഇടപാട് വഴിയുള്ള ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ടെണ്ടർ നടപടികളുടെ ഭാഗമായി ക്രഡിറ്റ് ചെയ്യുന്നത്. ആയത് പ്രകാരം, അമരമ്പലം ഗ്രാമ പഞ്ചായത്ത് 2016-17, 2017-18വർഷങ്ങളിൽ ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തത് ഗ്രാമ പഞ്ചാത്തിന് ലഭ്യമായിട്ടില്ല. ഓഡിറ്റ് എൻക്വയറി നമ്പർ 1/15.12.18- നുള്ള മറുപടിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ കണക്കുകൾ പ്രകാരം 2016-17 ലെ 23100 രൂപയും 2017-18- ലെ 85630 രൂപയുമടക്കം ആകെ 108730 രൂപ ലഭിക്കാനുണ്ട്. ഈ തുക ബ്ലോക് പഞ്ചായത്തിന്റെ ആസ്തി-ബാധ്യത കണക്കുകകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

തുക എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നു ഈടാക്കേണ്ടതും വാർഷികക്കണക്കിൽ അക്കൗണ്ട് ചെയ്യേണ്ടതുമാണ്.

## 2-2 വസ്തു നികുതി-അപാകതകൾ

പഞ്ചായത്തിന്റെ വസ്തു നികുതി വിജ്ഞാപന [A4/4074/2011, dated 28.10.2011] പ്രകാരം 100 മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് 30/ച.മി, 100 മീറ്റർ മുകളിൽ തറ വിസ്തീർണ്ണമുള്ള

വാണിജ്യ കെട്ടിടങ്ങൾക്ക് 50/ച.മി നിരക്കിലുമാണ് വസ്തു നികുതി നിശ്ചയിച്ചിട്ടുള്ളത്. ഏതാനും വാണിജ്യ സ്ഥാപനങ്ങളുടെ ഡി & ഒ ലൈസൻസുകൾ പരിശോധിച്ചതിൽ, 2011 -ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3(4) പ്രകാരം കുറഞ്ഞ നിരക്കിൽ നികുതി അസസ്മെന്റ് ചെയ്ത പല കെട്ടിടങ്ങളും പഞ്ചായത്തിൽ അപേക്ഷ നൽകുകയോ നികുതി നിരക്കിൽ മാറ്റം വരുത്തുകയോ ചെയ്യാതെ കൂടിയ നികുതി നിരക്ക് ഇനങ്ങൾക്ക് ഉപയോഗിക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്ര. ന | കെട്ടിട നമ്പർ / ആകെ വിസ്തീർണ്ണം/ ഉടമസ്ഥൻ | ഡി & ഒ ലൈസൻസ് വിവരം | അടവാക്കിയ നികുതി / അസസ്മെന്റ് വർഷം | അടവാക്കേണ്ട നികുതി | ആകെ കുറവ് |
|---|---|---|---|---|---|
| 1 | XV/457/A-L [269 ച.മി] അഖിൽ പി ഇസ്ഹാക്ക്, പുലത്ത് വീട് | 32/2017-18, 27.03.2017 | 9684/- (From 2014- I Half) | 16140/- [(269*50)+20%] | 25824/- [(6456*4),From 2014-I Half] |
| 2 | XIII/6/A-C [158ച.മി] മുഹമ്മദ് അബ്ദുരഹ്മാൻ, കട്ടകാൻ വീട് | 336/2017-18, 27.03.2017 | 5688/- (From 2014- I Half) | 9480/- [(158*50)+20%] | 15168/- [(3792*4, From 2014-I Half] |
| 3 | I/609/G-K [103 ച.മി] ഹസ്സൻ കിഴക്കയിൽ | 56/2017-18, 27.03.2017 | 3399/- (From 2016- I Half) | 5665/- [(103*50)+10%] | 4532/- [(2266*2),From 2016-I Half) |
| 4 | XIX/482 /H-N[163 ച.മി] അബൂബക്കർ, മച്ചിങ്ങൽ | 375/2017-18, 04.05.2017 | 5576/- (From 2014- I Half) | 9291/- [(163*50)+15%] | 14860/- [(3715*4),Fro 2014- I Half] |

വസ്തു നികുതി ഇനത്തിൽ പഞ്ചായത്തിനുണ്ടായിട്ടുള്ള നഷ്ടം കെട്ടിട ഉടമകളിൽ നിന്നും ഈടാക്കേണ്ടതും നികുതി പുനർ നിർണ്ണയിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്. കൂടാതെ തനത് വരുമാനത്തിൽ ഉണ്ടാവുന്ന ചോർച്ച നടയുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. മേൽ വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

*[ഓഡിറ്റ് എൻക്വയറി 10/20.12.2018- മറുപടി ലഭ്യമാക്കിയിട്ടില്ല]*

## 2-3 രസീതി ബുക്കുകളുടെ ഉപയോഗം - സംബന്ധിച്ച്.

ഔട്ട് ഡോർ കളക്ഷന് വേണ്ടി പഞ്ചായത്തിലെ ജീവനക്കാർക്കും, ഗുണഭോക്ത വിഹിതം പിരിക്കുന്നതിന്ന് നിർവ്വഹണ ഉദ്യോഗസ്ഥർക്കും അനുവദിച്ച രസീതി ബുക്കുകൾ ഉപയോഗിച്ചതിൽ

താഴെ ചേർക്കുന്ന അപാകതയുള്ളതായി കാണുന്നു.

| ക്രം.ന | അപാകത | കുറിപ്പ് |
|---|---|---|
| 01 | 2017-18 വർഷത്തിൽ അനുവദിച്ച രസീതി ബുക്കുകളിലെ ഉപയോഗിക്കാൻ അവശേഷിക്കുന്ന രസീതികൾ ക്യാൻസൽ ചെയ്തിട്ടില്ല. | ഉദാ: ബുക്ക് നമ്പർ 653, 670 etc |
| 02 | 2017-18 വർഷത്തിൽ അനുവദിച്ചതും, ഉപയോഗിക്കാത്തതുമായ രസീതി ബുക്കുകൾ തിരികെ സ്റ്റോക്കിൽ എടുത്ത് ഉപയോഗപ്പെടുത്തിയിട്ടില്ല. | ഉദാ: ബുക്ക് നമ്പർ 1865, 669 etc |

ക്യാൻസൽ ചെയ്യാതെ/ തിരികെ സ്റ്റോക്കിൽ എടുകാതെ രസീതികൾ/ രസീതി ബുക്കുകൾ സൂക്ഷിക്കുന്നത് ക്രമപ്രകാരമല്ല. ഇത്തരം രസീതികൾ/ രസീതി ബുക്കുകൾ ദുരുപയോഗം ചെയ്യപ്പെടാൻ സാധ്യതയുള്ളതിനാൽ ഉപയോഗിക്കാത്ത രസീതികൾ ക്യാൻസൽ ചെയ്യുന്നതിനും, ഉപയോഗിക്കാത്ത രസീതി ബുക്കുകൾ തിരികെ സ്റ്റോക്കിൽ എടുത്ത് ഉപയോഗപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

*[ഓഡിറ്റ് എൻക്വയറി 11/20.12.2018- മറുപടി ലഭ്യമാക്കിയിട്ടില്ല]*

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 റൂഫിംഗ് ഷീറ്റിടുന്ന പ്രവൃത്തികൾ - കനം കുറഞ്ഞ ഷീറ്റ് ഉപയോഗിച്ചത് - തുക തിരിച്ചടവാക്കി.

അമരമ്പലം ഗ്രാമപഞ്ചായത്ത് 2017-18 വർഷ ഓഡിറ്റിന്റെ ഭാഗമായി 18.12.2018 ന താഴെ പറയുന്ന പ്രൊജക്റ്റുകളുടെ സൈറ്റുകൾ ഓഡിറ്റ് ടീം നേരിട്ട് പരിശോധന നടത്തിയതിൽ എസ്റ്റിമേറ്റിലും അളവ് പുസ്തകത്തിലും രേഖപ്പെടുത്തിയതിൽനിന്നു വ്യത്യസ്തമായി .5 എം.എം. കനമുള്ള റൂഫിംഗ് ഷീറ്റിന്നു പകരം .3 എം.എം. കനമുള്ള റൂഫിംഗ് ഷീറ്റിട്ട് പ്രവൃത്തി ചെയ്തതായി കണ്ടു. അളവ് രേഖപ്പെടുത്തിയതും ചെക് മെഷർ ചെയ്തതും തെറ്റായ രീതിയിലാണ്. എസ്റ്റിമേറ്റിൽ വിഭാവനം ചെയ്ത ഗുണമേന്മയിൽ പ്രവൃത്തി ചെയ്തില്ല എന്നതിനു പുറമെ .3 എം.എം. കനമുള്ള റൂഫിംഗ് ഷീറ്റിട്ട് പ്രവൃത്തി ചെയ്തതിനു നൽകാവുന്നതിലും കൂടുതൽ തുക നൽകിയതിനാൽ ഗ്രാമപഞ്ചായത്തിനു നഷ്ടം വന്നിട്ടുണ്ട്. ഇപ്രകാരം വന്ന നഷ്ടത്തിന്റെ കണക്ക് താഴെ ചേർക്കുന്നു.

1. വയോജനസൗഹൃദ കെട്ടിടത്തിനു പശ്ചാത്തല സൗകര്യം (Project No.51/18).

പ്രവൃത്തിയിലെ ഇനം 1-4 .5 എം.എം. കനമുള്ള റൂഫിംഗ് ഷീറ്റുപയോഗിച്ച് മേൽക്കൂര പണിയലാണ്. എസ്റ്റിമേറ്റ് നിരക്ക് ഒരു ചതുരശ്ര മീറ്ററിനk 847.1 രൂപയാണ്.(DSR 2014 cost index 36.19) .3 എം.എം. കനമുള്ള റൂഫിംഗ് ഷീറ്റിട്ട് പ്രവൃത്തി ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റ് തുക 683.52 രൂപയാണ് എന്നു അസിസ്റ്റന്റ് എഞ്ചിനിയർ അറിയിച്ചിട്ടുണ്ട്. ഐറ്റം റേറ്റ് കോൺട്രാക്ട് വ്യവസ്ഥയിൽ ടെണ്ടർ സമർപ്പിച്ച അജീഷ്.ടി എന്ന കോൺട്രാക്റ്ററുടെ 17.365 ശതമാനം കുറവുള്ള 700 രൂപ വെച്ചാണ് പണം നൽകിയിട്ടുള്ളത്. അതു പ്രകാരം ഈ പ്രവൃത്തിക്ക് നൽകാവുന്നത് ചതുരശ്ര മീറ്ററിന്നു 564.83 രൂപയാണ്. ആകെ 121.84 ചതുരശ്ര മീറ്റർ ചെയ്തിട്ടുണ്ട്. എന്നാൽ 117.55 ചതുരശ്ര മീറ്ററിന്റെ പണമാണ് നൽകിയത്. അധികം നൽകിയ തുകയുടെ കണക്ക് താഴെ ചേർക്കുന്നു.

| | | |
|---|---|---|
| നൽകിയത് | 117.554 x 700 | 82288.00 |
| നൽകാവുന്നത് | 121.84 x 564.83 | 68188.88 |
| അധികം നൽകിയത് | | 14099.12 |

2. പുഞ്ച അംഗനവാടി പുനരുദ്ധരണം (Project No.251/18)..

പ്രവൃത്തിയിലെ ഇനം 1-5 .5 എം.എം. കനമുള്ള റൂഫിംഗ് ഷീറ്റുപയോഗിച്ച് മേൽക്കൂര പണിയലാണ്. എസ്റ്റിമേറ്റ് നിരക്ക് ഒരു ചതുരശ്ര മീറ്ററിന്ന 771.66 രൂപയാണ്.(DSR 2016 cost index 40.20) .3 എം.എം. കനമുള്ള റൂഫിംഗ് ഷീറ്റിട്ട് പ്രവൃത്തി ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റ് തുക 694.9 രൂപയാണ്എന്ന അസിസ്റ്റന്റ് എഞ്ചിനിയർ അറിയിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് നിരക്കിൽ പ്രവൃത്തി ചെയ്ത കരാറുകാരൻ ശ്രീ. രമേശിന്ന 33.075 ചതുരശ്ര മീറ്ററിന്ന പണം നൽകിയിട്ടുണ്ട്.അധികം നൽകിയ തുകയുടെ കണക്ക് താഴെ ചേർക്കുന്ന.

| | | |
|---|---|---|
| നൽകിയത് | 33.075x771.66 | 25522.65 |
| നൽകാവുന്നത് | 33.075x694.9 | 22983.81 |
| അധികം നൽകിയത് | | 2538.83 |

ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നമ്പർ 4/15.12.18 നൽകിയതിനെ തുടർന്ന ക്രമ നമ്പർ ഒന്നിൽ 22-12-2018ലെ ചലാൻ നമ്പർ കെ.എൽ.00959675601819 പ്രകാരവും 14000 രൂപയും ക്രമനമ്പർ 2-ൽ 22-12-2018ലെ ചലാൻ നമ്പർ കെ.എൽ.00959675601819 പ്രകാരം 2540 രുപയും 21.12.2018-ന അടവാക്കിയിട്ടുണ്ട്. ചെയ്ത പ്രവൃത്തികളുടെ ഗുണനിലവാരം അളവെടുക്കുന്ന ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതാണ്.

## 3-2 തെരുവു വിളക്ക് സ്ഥാപിക്കൽ പദ്ധതി - അപാകതകൾ

പ്രോജക്റ്റ് നം. 272/18

അമരമ്പലം ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ ഹൈമാസ്റ്റ് ,മിനിമാസ്റ്റ് ,എൽ ഇ ഡി തെരുവുവിളക്കുകൾ സ്ഥാപിക്കൽ പദ്ധതി

വിനിയോഗിച്ച തുക – 12,47,297 രൂപ(ലോക ബാങ്ക് സഹായം )

ബിൽ നം. 17/17-18/27.10.2017 – 12,47,297 രൂപ

നിർവ്വഹണം - സെക്രട്ടറി

പി ഡബ്ലിയു ഡി ഇലക്ട്രിക്കൽ ഡിവിഷൻ, കോഴിക്കോട് മുഖേന എസ്റ്റിമേറ്റ് തയ്യാറാക്കി പവ്വർലൈൻ ഇലക്ട്രിക്കൽസ് കോഴിക്കോട് എന്ന സ്ഥാപനം പി ഡബ്ലിയു ഡി ഇലക്ട്രിക്കൽ സെക്ഷന്റെ സൂപ്പർവിഷനോട്ടുകൂടി അമരമ്പലം ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ ഹൈമാസ്റ്റ് ,മിനിമാസ്റ്റ് ,എൽ ഇ ഡി തെരുവുവിളക്കുകൾ എന്നിവ സ്ഥാപിക്കുകയാണ് പദ്ധതി പ്രകാരം ചെയ്തിട്ടുള്ളത്. 63 എണ്ണം 20W എൽ ഇ ഡി ലൈറ്റുകൾ ,ഒരു എൽ ഇ ഡി ഹൈമാസ്റ്റ് ലൈറ്റ് , അഞ്ച് എൽ ഇ ഡി മിനിമാസ്റ്റ് ലൈറ്റ് എന്നിവയാണ് സ്ഥാപിച്ചിട്ടുള്ളത്.

പദ്ധതി സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്ന.

1.കെ.എസ്.ഇ.ബി.യിൽ നിന്നും അനുമതി ലഭ്യമായിട്ടില്ല. പ്രവൃത്തി നിർവ്വഹിച്ചതിന്റെ സാക്ഷ്യ പത്രം ലഭിച്ചിട്ടില്ല.

എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിച്ചിട്ടുള്ളത് കെ എസ് ഇ ബിയുടെ ഇലക്ട്രിക്പോസ്റ്റുകളിലാണ്. ഇൻസ്റ്റാൾ ചെയ്യാനുള്ള ചെലവുൾപ്പെടെയാണ് പവ്വർലൈൻ ഇലക്ട്രോണിക്സിന് തുക നൽകിയിട്ടുള്ളത്.എന്നാൽ ലൈറ്റുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകുന്നതിനും, പ്രസ്തുത പ്രവൃത്തി നിർവ്വഹിച്ചതിന്റെ സാക്ഷ്യ പത്രം നൽകുന്നതിനും കെ.എസ്.ഇ.ബി സബ് സെക്ഷനിലെ അസിസ്റ്റന്റ് എഞ്ചിനീയർമാരോട് ആവശ്യപ്പെടുകയോ അനുമതി ലഭ്യമാകുകയോ, സാക്ഷ്യ പത്രം (ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് ) ലഭിക്കുകയോ ചെയ്തിട്ടില്ല. ഇതിൽനിന്നും കെ.എസ്.ഇ.ബി.യുടെ അനുമതി ലഭിക്കാതെയാണ് പ്രൊജക്ട് നിർവ്വഹിച്ചിട്ടുള്ളത് എന്ന് കാണുന്നു.
കെ എസ് ഇ ബിയുടെ ഇലക്ട്രിക്കൽ ഇലക്ട്രിക്പോസ്റ്റുകളിലാണ് തെരുവിളക്ക് സ്ഥാപിച്ചിട്ടുള്ളത് എന്നതിനാൽ നിശ്ചത നിരക്കിൽ സൂപ്പർവിഷൻ ചാർജ് ഒടുക്കി കെ എസ് ഇ ബിയുടെ മേൽനോട്ടത്തിലാണ് തെരുവിളക്കുകൾ സ്ഥാപിക്കേണ്ടിയിരുന്നത്.ആയത് പാലിച്ചിട്ടില്ല.
2) 25.03.2017 ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും പവ്വർലൈൻ ഇലക്ട്രിക്കൽസുമായി ഒപ്പുവെച്ച് ഉടമ്പടിയിൽ പ്രവൃത്തി എന്ന് പൂർത്തീകരിയ്ക്കും എന്നതു സംബന്ധിച്ചോ, സ്ഥാപിച്ച തെരുവിളക്കുകൾ പ്രവത്തനക്ഷമമല്ലാത്ത പക്ഷം അറ്റകുറ്റപണികൾ നടത്തുന്നത് സംബന്ധിച്ചോ, വിളക്കുകളുടെ വാറണ്ടി കാലയളവ് സംബന്ധിച്ചോ പരാമർശമില്ല.പി ഡബ്ല്യു ഡി ഇലക്ട്രിക്കൽ സെക്ഷൻ അസി.എഞ്ചിനീയർ സാക്ഷ്യപെടുത്തിയതിൽ പ്രകാരമാണ് ((23.10.17ന് )തുക നൽകിയിട്ടുള്ളത്.

തെരുവു വിളക്കുകൾ സ്ഥാപിച്ച ശേഷം 23.01.2018 ന് ഗ്രാമപഞ്ചായത്തും കെ എസ് ഇ ബിയുമായി ചേർന്ന് നടത്തിയ സംയുക്ത പരിശോധനയിൽ ഗ്രാമപഞ്ചായത്തിൽ ഒട്ടാകെ സ്ഥാപിച്ചിട്ടുള്ള 94എണ്ണം 20w എൽ ഇ ഡി ലൈറ്റുകളിൽ (ആയതിൽ 63 എണ്ണം ഈ പ്രോജക്റ്റ് പ്രകാരം സ്ഥാപിച്ചത്)39 എണ്ണം മാത്രമാണ് നിലവിൽ പ്രവർത്തിയ്ക്കുന്നതെന്ന് കണ്ടെത്തി. ഉടമ്പടിയിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാൽ സ്ഥാപിച്ച് മൂന്നു മാസത്തിനകം തന്നെ ഒട്ടുമിക്ക തെരുവു വിളക്കുകളും പ്രവർത്തന രഹിതമായതിൽ സ്ഥാപനം അറ്റകുറ്റപണി നടത്താത്ത പക്ഷം നിയമപ്രകാരമുള്ള നടപടികൾ സ്വീകരിയ്ക്കുവാൻ ഗ്രാമപഞ്ചായത്തിന് സാധിയ്ക്കുകയില്ല. അപാകതയ്ക്ക് കാരണം വ്യക്തമാക്കേണ്ടതാണ്.

3)തെരുവു വിളക്കുകൾ സംബന്ധിച്ച് സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ വാർഡ് തിരിച്ചുള്ള വിവരം ലഭ്യമല്ല. നിലവിൽ പ്രവത്തിയ്ക്കുന്നതും പ്രവർത്തിക്കാത്തതുമായ തെരുവു വിളക്കുകളുടെ വിവരം രേഖപ്പെടുത്തിയിട്ടില്ല. (നിലവിൽ സ്ഥാപിച്ചിട്ടുള്ള തെരുവു വിളക്കുകളുടെയും വാർഡ് തിരിച്ചുള്ള വിവരവും ലഭ്യമല്ല. )

4)തെരുവു വിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച് ജനപ്രതിനിധികൾ ഉൾപ്പെടെ പൊതുജനങ്ങൾക്ക് പരാതിപെടുന്നതിനായി ഗ്രാമപഞ്ചായത്തിൽ പരാതി പുസ്തകം സൂക്ഷിച്ചിട്ടില്ല. തന്മൂലം തെരുവിളക്കുകൾ പ്രവർത്തനരഹിതമായത് യഥാവിധി ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപെടുത്താൻ കഴിയാതെ പോകുകയാണ്.ഗ്രാമപഞ്ചായത്ത് പദ്ധതി മോണിറ്ററിംഗ് നടത്തിയിട്ടുമില്ല.
അപാകതകൾ പരാമർശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കും (നം.14/21.12.2018) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി പണം ചെലവഴിക്കുന്നതിൽ കൂടുതൽ കരുതലും സൂക്ഷ്മതയും വെച്ചുപുലർത്തേണ്ടതാണ്.

## 3-3 ഡെപ്പോസിറ്റ് പ്രവൃത്തികൾ - പൂർത്തീകരണ വിവരം / ബാക്കി തുക ലഭ്യമായതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

അമരമ്പലം ഗ്രാമപഞ്ചായത്തിൽ 2017-18 വർഷത്തിൽ താഴെ പറയുന്ന പ്രവൃത്തികൾക്കായി കേരള വാട്ടർ അതോറിറ്റിയ്ക്ക് തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

| ക്രമനം. | പ്രോജക്റ്റ് നം./പ്രവൃത്തികളുടെ പേര് | നിക്ഷേപിച്ച തുക |
|---|---|---|
| 1 | പ്രോജക്റ്റ് നം. 113/18, വിവിധ ഭാഗങ്ങളിലേക്ക് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ പദ്ധതി | 14,79,191,ബിൽ നം. 18/17-18/27.10.2017 |
| 2 | പ്രോജക്റ്റ് നം. 115/18, ചേലോട് വാർഡിലെ വിവിധ ഭാഗങ്ങളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ പദ്ധതി | 3,50,000, ബിൽ നം. 22/17-18/14.11.2017 |
| 3 | പ്രോജക്റ്റ് നം. 135/18,ചെട്ടിപ്പാടം വാർഡിലെ വിവിധ പ്രദേശങ്ങളിൽ പൈപ്പ് ലൈൻ നീട്ടൽ പദ്ധതി | 1,70,000, ബിൽ നം. 21/17-18/17.11.2017 |

പദ്ധതികൾ സംബന്ധിച്ച് താഴെ പറയുന്ന വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

1)പ്രോജക്റ്റ് നം. 113/18, വിവിധ ഭാഗങ്ങളിലേക്ക് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ പദ്ധതി പൂർത്തീകരിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം

2)പ്രോജക്റ്റ് നം. 115/18, പ്രോജക്റ്റ് നം. 135/18, പ്രവൃത്തികൾക്ക് തുക വിനിയോഗിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്.പദ്ധതികൾക്കായി തുക ഡെപ്പോസിറ്റ് ചെയ്തതിൽ യഥാക്രമം 75217 , 35606 രൂപ ചെലവഴിയ്ക്കാതെ അവശേഷിച്ചിട്ടുണ്ട്. ആയത് ഗ്രാമപഞ്ചായത്തിന് തിരികെ ലഭ്യമായതിന്റെയും തുക ബന്ധപ്പെട്ട ഹെഡിൽ സർക്കാറിലേക്ക് തിരികെ അടച്ചതിന്റെയും വിവരം

## 3-4 കറവ പശുവളർത്തൽ- സബ്സിഡി അർഹത സംബന്ധിച്ച്.

2017-18 സാമ്പത്തിക വർഷത്തെ സബ്സിഡി മാർഗ്ഗരേഖ പ്രകാരം [GO(MS)No.80/2017 dated 03.04.2017] പൊതു മേഖല സ്ഥാപനങ്ങളിലെ സ്ഥിരം ജീവനക്കാർ ഉൾപ്പെടുന്ന കുടുബങ്ങൾക്ക് വ്യക്തിഗത ആനുകൂല്യങ്ങൾക്ക് അർഹതയില്ല. എന്നാൽ താഴെ ചേർത്തിട്ടുള്ള പ്രൊജക്ട് പ്രകാരം മേഖല സ്ഥാപനത്തിലെ സ്ഥിരം ജീവനക്കാരൻ ഉൾപ്പെട്ട കുടുബത്തിന് ആനുകൂല്യം അനുവദിച്ചതായി കാണുന്നു.

| | |
|---|---|
| പദ്ധതി | : കറവ പശു വളർത്തൽ |
| അടങ്കൽ/ ചെലവ് | : 4750000/4000000 |
| ചെലവ് വിവരം | : Bill No. 01/2017-18, 10.01.2018 (ഭാഗികം) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : വെറ്ററിനറി സർജൻ |

മേൽ പദ്ധതി പ്രകാരം ശ്രീമതി. പത്മിനി കോടിയാടൻ എന്ന ഗുണഭോക്താവിന് കറവ പശു വാങ്ങുന്നതിന് 25000/- രൂപ സബ്സിഡി അനുവദിച്ചിട്ടുണ്ട്. ഗുണഭോക്താവ് അപേക്ഷയുടെ കൂടെ ഹാജരാക്കിയ 2052079297 നമ്പർ റേഷൻ കാർഡിലെ ക്രമ നമ്പർ 2 ജിഷക്ക് (മകൾ) എന്ന

അംഗത്തിന് പൊതു മേഖല സ്ഥാപനത്തിൽ ജോലിയുണ്ട്. സബ്സിഡി മാർഗ്ഗരേഖയുടെ ഖണ്ഡിക 2.15(iii) പ്രകാരം മേൽ വ്യക്തിക്ക് ധന സഹായത്തിന് അർഹതയില്ല. മേൽ പരാമർശത്തിന്മേൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ [ഓഡിറ്റ് എൻക്വയറി 12/20.12.2018] മറുപടിയിൽ കാർഡിൽ വിവരം തെറ്റാണെന്നും, പ്രസ്തുത കുടുംബത്തിൽ പൊതു മേഖല സ്ഥാപനത്തിൽ ജോലിയുള്ള അംഗങ്ങളില്ലെന്നും അറിയിച്ചിട്ടുണ്ട്.
നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റി പരിശോധിച്ച് അഭിപ്രായം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-5 കുടിവെള്ള ഗാർഹിക കണക്ഷൻ പദ്ധതി - കണക്ഷനെടുത്തതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

പ്രോജക്റ്റ് നം. 73/18 (സ്പിൽ ഓവർ)

വിനിയോഗിച്ച തുക – 1,60,000 രൂപ (പ്ളാൻ ഫണ്ട്)

ബിൽനം. 1/17-18/30.06.11 – 1,08,000 രൂപ

ബിൽ നം. 3/17-18/25.07.17 – 12,000 രൂപ

ബിൽ നം. 6/17-18/12.10.17 – 28,000 രൂപ

ബിൽ നം. 38/17-18/19.02.18 – 8,000 രൂപ

ബിൽ നം. 63/17-18/12.03.18 – 4,000 രൂപ

നിർവ്വഹണം - വി ഇ ഒ

പദ്ധതി പ്രകാരം ഗുണഭോക്താക്കളായ 40 പേർക്ക് വാട്ടർ അതോറിറ്റിയുടെ കുടിവെള്ള കണക്ഷൻ ലഭ്യമാക്കുവാൻ 4,000 രൂപ വീതം സബ്സിഡി നൽകുകയാണ് ചെയ്തിട്ടുള്ളത് . എന്നാൽ പദ്ധതി ഗുണഭോക്താക്കൾ വാട്ടർ അതോറിറ്റിയുടെ കുടിവെള്ള കണക്ഷൻ എടുത്തതിന്റെ വിവരം (വാട്ടർ അതോറിറ്റിയിൽ നിന്നുള്ള സാക്ഷ്യപത്രം) പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. പകരം വാട്ടർ അതോറിറ്റിയിൽ നിന്നുള്ള വർക്ക് ബില്ലിന്റെ അടിസ്ഥാനത്തിൽ തുക നൽകുകയാണ് ചെയ്തിട്ടുള്ളത്.മുഴുവൻ ഗുണഭോക്താക്കളും വാട്ടർ കണക്ഷൻ എടുത്തതിന്റെ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്(ഓഡിറ്റ് എൻക്വയറി നം. 9/19.12.18).രേഖകൾ ലഭ്യമാക്കുന്നതുവരെ പദ്ധതിയ്ക്കായി ചെലവഴിച്ച 1,60,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-6 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് .

2017-18 വർഷത്തിൽ വി ഇ ഒ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പദ്ധതികൾക്കായി തുക നൽകിയതിന്റെ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

1)പ്രോജക്റ്റ് നം.160/18

പി എം എ വൈ (ഗ്രാമീൺ) പഞ്ചായത്ത് വിഹിതം നൽകൽ (ജനറൽ )

കാളികാവ് ബ്ലോക്ക് പഞ്ചായത്തിന് നൽകിയ വിഹിതം - 1,80,000 രൂപ

ബിൽ നം. 4/17-18/25.07.2017 – 1,40,000 രൂപ

ബിൽ നം. 11/17-18/18.11.17 - 40,000 രൂപ

1,80,000 രൂപ പദ്ധതിയ്ക്കായി വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

2)പ്രോജക്റ്റ് നം.159/18

പി എം എ വൈ (ഗ്രാമീൺ) പഞ്ചായത്ത് വിഹിതം നൽകൽ (എസ് സി )

കാളികാവ് ബ്ലോക്ക് പഞ്ചായത്തിന് നൽകിയ വിഹിതം - 2,80,000 രൂപ

ബിൽ നം. 5/17-18/25.07.2017 – 2,20,000 രൂപ

ബിൽ നം. 14/17-18/17.11.17 - 40,000 രൂപ

മേൽ 40000രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്. അവശേഷിച്ച 2,20,000 രൂപ പദ്ധതിയ്ക്കായി വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം കൂടി പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

3)പ്രോജക്റ്റ് നം.274/18

പി എം എ വൈ (ഗ്രാമീൺ) പഞ്ചായത്ത് അധിക വിഹിതം നൽകൽ (എസ് സി )

കാളികാവ് ബ്ലോക്ക് പഞ്ചായത്തിന് നൽകിയ വിഹിതം - 2,75,000 രൂപ

ബിൽ നം. 12/17-18/17.11.2017 – 2,75,000 രൂപ

2,75,000 രൂപ പദ്ധതിയ്ക്കായി വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

4)പ്രോജക്റ്റ് നം.156/18

പി എം എ വൈ (ഗ്രാമീൺ) പഞ്ചായത്ത് വിഹിതം നൽകൽ (എസ് സി )

കാളികാവ് ബ്ലോക്ക് പഞ്ചായത്തിന് നൽകിയ വിഹിതം - 32,500 രൂപ

ബിൽ നം. 35/17-18/22.01.2018 – 32,500 രൂപ

32,500 രൂപ പദ്ധതിയ്ക്കായി വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം. 8/19.12.18)

## 3-7 ഗാർഹിക ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

പ്രോജക്റ്റ് നം. 224/18

ഗാർഹിക ബയോഗ്യാസ് പ്ലാന്റ് സ്ഥാപിയ്ക്കൽ പദ്ധതി

വിനിയോഗിച്ച തുക – 26,150 രൂപ (പ്ലാൻ)

– 26,150 രൂപ (ഗുണഭോക്തൃ വിഹിതം -സ്ഥാപനത്തിൽ അടച്ചത് )

ആകെ - 52,300

നിർവ്വഹണം - വി ഇ ഒ

മേൽ പ്രകാരം പദ്ധതിയ്ക്കായി പ്ലാൻ ഫണ്ടും ഗുണഭോക്തൃവിഹിതവും ഉൾപ്പെടെ 52,300 രൂപ വിനിയോഗിച്ച് അഞ്ച് ഗുണഭോക്താക്കൾക്ക് ഗാർഹിക ബയോഗ്യാസ് പ്ലാന്റ് സ്ഥാപിയ്ക്കുന്നതിനായി ആനുകൂല്യം നൽകിയിട്ടുണ്ട്.ക്വട്ടേഷൻ മുഖേന ശുചിത്വമിഷന്റെ അംഗീകാരമുള്ള എവർഷൈൻ എസ് എച്ച് ജി ബയോഗ്യാസ് ,ചുങ്കത്തറ എന്ന സ്ഥാപനം മുഖേനയാണ് പ്ലാന്റ് സ്ഥാപിച്ചിട്ടുള്ളത്.
എന്നാൽ സ്ഥാപനവുമായി ഒപ്പുവെച്ച കരാർ പ്രകാരമുള്ള സ്പെസിഫിക്കേഷനിൽ പ്ലാന്റ് സ്ഥാപിച്ചതിന്റെയും ,പദ്ധതി മോണിറ്ററിംഗ് നടത്തിയതിന്റെയും , വിശദാംശങ്ങൾ ഓഡിറ്റിന് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. അപാകത പരാമർശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കും(നം.13/21.12.2018) മറുപടി ലഭ്യമാക്കിയിട്ടില്ല.
വിവരം ലഭ്യമാക്കുന്നതു വരെ ചെലവുതുക 52,300 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-8 രജിസ്റ്റർ ചെയ്ത ക്ലബ്ബുകൾക്ക് സ്പോർസ് കിറ്റ് പദ്ധതി - അപാകതകൾ

പ്രോജക്റ്റ് നം.215/18
രജിസ്റ്റർ ചെയ്ത ക്ലബ്ബുകൾക്ക് സ്പോർസ് കിറ്റ് പദ്ധതി

വിനിയോഗിച്ച തുക – 20,000 രൂപ (പ്ളാൻ ഫണ്ട് )

ബിൽ നം. 5/17-18/31.03.2018

നിർവ്വഹണം - ഹെഡ്മാസ്റ്റർ ,ജി എൽ പി എസ് ,പറമ്പ

സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്റ്റ് XXI ഓഫ് 1860 പ്രകാരം രജിസ്റ്റർ ചെയ്ത് ,യഥാസമയം രജിസ്ട്രേഷൻ പുതുക്കി വരുന്ന ക്ലബുകൾക്ക് ക്രിക്കറ്റ് ബോൾ ,ഫുട്ബോൾ , വോളിബോൾ , സി ടി ബി പേസർ , ബാഡ്മിന്റൻ റാക്കറ്റ് , ബാഡ്മിന്റൻ റാക്കറ്റ് എന്നിവയടങ്ങിയ കിറ്റ് വിതരണം നടത്തുകയാണ് പദ്ധതി പ്രകാരം ചെയ്തിട്ടുള്ളത് . പദ്ധതി സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്റ്റ് XXI ഓഫ് 1860 പ്രകാരം രജിസ്റ്റർ ചെയ്ത് ,യഥാസമയം രജിസ്ട്രേഷൻ പുതുക്കി വരുന്ന ക്ലബുകൾക്ക് ആനുകൂല്യം നൽകുകയാണ് ചെയ്തിട്ടുള്ളത് എന്നാൽ താഴെ പറയുന്ന ക്ലബ്ബുകൾ 2017-18 വർഷത്തിൽ രജിസ്ട്രേഷൻ പുതുക്കിയതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

i)ക്ലിന്റ് വാരിയേഴ്സ് ആർട്സ് ആന്റ് സ്പോർട് ക്ലബ് , പൂഞ്ച

ii)യാസ് ക്ലബ്ബ് ,കൽച്ചിറ

iii)ടാസ് ,പൂക്കോട്ടുംപാടം

iv)നവതരംഗം ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബ് ,വട്ടപ്പാടം

v)വിശ്വപ്രഭാ ലൈബ്രറി കവളമുക്കട്ട

vi)കാരുണ്യാ സ്വയം സഹായസംഘം ,കാഞ്ഞിരംപാടം

2)ഒൻപത് ക്ലബ്ബുകൾക്കാണ് ആനുകൂല്യം നൽകിയിട്ടുള്ളത് .സബ്സിഡി മാർഗ്ഗരേഖ ജി ഒ (എം എസ് ) നം. 80/2017/ ത.സ്വ.ഭ.വ തി. 03.04.2017 പ്രകാരം ഒരു സംഘടനക്ക് 2000 രൂപയിൽ അധികരിയ്ക്കാത്ത തുകയ്ക്കുള്ള സ്പോട്സ് ഉപകരണങ്ങളാണ് വിതരണം ചെയ്യാവുന്നത് . അധിക തുക ചെലവഴിച്ചതിന് കാരണം വ്യക്തമല്ല.കൂടാതെ ഓരോ ക്ലബ്ബുകൾക്കും അവരവരുടെ ആവശ്യത്തിനും സാധ്യതയ്ക്കും അപേക്ഷയോടപ്പം ആവശ്യമായ വാങ്ങിയ ഉപകരണങ്ങളുടെ പട്ടികയും

ലഭ്യമാക്കേണ്ടതും ,അതിൽ പ്രകാരം സ്പോർട്സ് ഉപകരണങ്ങൾ വിതരണം നടത്തേണ്ടതുമാണ്. ആയത് പാലിക്കാതെയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.
അപാകതകൾ പരാമർശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം.5/19.12.2018)മറുപടി ലഭ്യമാക്കിയില്ല.ചെലവു തുക 20000/-രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

സബ്സിഡി മാർഗ്ഗരേഖ ജി ഒ (എം എസ് ) നം. 80/2017/ ത.സ്വ.ഭ.വ തി. 03.04.2017 പ്രകാരം യുവജന സംഘടനകളുടെ പങ്കാളിത്തം ഉറപ്പാക്കുവാൻ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് അദ്ധ്യക്ഷനും സെക്രട്ടറി കൺവീനറും വിവിധ ക്ളബ്ബുകളിലെ അംഗങ്ങളും ഉൾപ്പെട്ട ഒരു ഏകോപന സമിതി രൂപീകരിക്കേണ്ടതാണ്. പ്രാദേശികമായി കായിക പ്രവർത്തനങ്ങൾ മെച്ചപ്പെടുന്നതിനും ഗ്രാമപഞ്ചായത്ത് നടപ്പിലാക്കുന്ന സമഗ്രവികസന പ്രവർത്തനങ്ങളിൽ യുവജനപ്രതിനിധ്യം വർദ്ധിപ്പിക്കുന്നതിനും ഉദ്ദേശിച്ചാണിത്. നിലവിൽ ആയത് പാലിച്ചിട്ടില്ല.അപാകത പരിഹരിക്കേണ്ടതാണ്.

## 3-9 പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് - രേഖകൾ ലഭ്യമാക്കേണ്ടതാണ്

പ്രോജക്റ്റ് നം.220/18

പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് പദ്ധതി

വിനിയോഗിച്ച തുക -2,94,000 രൂപ (എസ് സി പി )

ബിൽ നം. 3/17-18/28.03.18

നിർവ്വഹണം - ഹെഡ്മാസ്റ്റർ ,ജി എൽ പി എസ് ,പറമ്പ

നിർദ്ദിഷ്ട കോഴ്സ് പിന്നിട്ട വിദ്യാർത്ഥികളും ,പട്ടികജാതിക്കാരുമായ 10 വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങി നൽകുകയാണ് പദ്ധതിയിൽ ചെയ്തിട്ടുള്ളത് . എന്നാൽ പദ്ധതി ഗുണഭോക്താക്കളായ താഴെ പറയുന്ന വിദ്യാർത്ഥികൾ പട്ടികജാതിക്കാരാണെന്ന് തെളിയിക്കുന്ന രേഖ ഓഡിറ്റിന് ലഭ്യമാക്കിയില്ല.

i)മിഥുൻ എം ,മീമ്പറ്റ, വലിയകളം ,പൂക്കോട്ടുംപാടം

ii)അയന എം പി , മുതുക്കേട്ടുപറമ്പിൽ ,അമരമ്പലം പി ഒ,നരിപൊയിൽ

iii)അരുൺ പുതിയറയ്ക്കൽ ,അമരമ്പലം സൗത്ത് ,പി ഒ

iv)വൈഷ്ണവി പൂവൻ വീട് , ചേലോട് ,മണ്ണാത്തിപൊയിൽ പി ഒ

v) നിഖിൽ ഒ, ഓടമ്പിലാൻ ,ചെറായി ,അമരമ്പലം പി ഒ
അപാകത പരാമർശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 6/19.12.18)നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല. മേൽ വ്യക്തികൾക്ക് ലാപ്ടോപ്പിനായി വിനിയോഗിച്ച (18ശതമാനം ജി.എസ്.ടി. ഉൾപ്പെടെ) ചെലവുതുക 1,47,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-10 അനുപൂരകപോഷകാഹാരം എസ് സി/ എസ് ടി – പരിശോധനാവിധേയമാക്കേണ്ടതാണ്.

1)പ്രോജക്റ്റ് നം. 193/18

അംഗണവാടി അനുപൂരക പോഷകാഹാരം പദ്ധതി (എസ് സി )

വിനിയോഗിച്ച തുക – 5,00,000രൂപ (പ്ളാൻ - എസ് സി പി )

ബിൽ നം. 3/17-18 തി. 22.08.17 – 5,00,000 രൂപ

2)പ്രോജക്റ്റ് നം. 194/18

അംഗണവാടി അനുപൂരക പോഷകാഹാരം പദ്ധതി (എസ് ടി)

വിനിയോഗിച്ച തുക – 50,000രൂപ (പ്ളാൻ - ടി എസ് പി )

ബിൽ നം. 5/17-18 തി. 31.10.17 – 50,000 രൂപ

നിർവ്വഹണം - ഐ സി ഡി എസ് സൂപ്പർവൈസർ

ജി.ഒ.(എം.എസ്.)നം.72/2017/ത.സ്വ.ഭ.വ. തീയതി 29-03-2017ലെ ഖണ്ഡിക 11.3.2 പ്രകാരം എസ് സി പി ഫണ്ടിന്റെ ഗുണഭോക്താക്കൾ 100% വും പട്ടികജാതി വിഭാഗത്തിൽ പ്പെട്ടവരും ,ടി എസ് പി ഫണ്ടിന്റെ ഗുണഭോക്താക്കൾ 100% വും പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവരും ആയിരിക്കേണ്ടതാണ് . 2017-18 വർഷത്തിൽ മേൽ പദ്ധതികൾ പൊതു വിഭാഗത്തിനുള്ള അംഗണവാടി അനുപൂരക പോഷകാഹാരം പദ്ധതിയോടൊപ്പം നടപ്പിലാക്കുകയാണ് ചെയ്തിട്ടുള്ളത് . തൻമൂലം ചെലവഴിച്ച പട്ടികജാതി/പട്ടികവർഗ്ഗ വികസന പദ്ധതി ഫണ്ടുകൾ പട്ടികവിഭാഗക്കാരായ ഗുണഭോക്താക്കൾക്കാണ് ലഭിച്ചത് എന്ന് ഉറപ്പാക്കാനായിട്ടില്ല.ഗ്രാമപഞ്ചായത്തിലെ 29 അംഗണവാടികളിലെയും ആനുകൂല്യം കൈപ്പറ്റിയ പട്ടികവിഭാഗക്കാരായ ഗുണഭോക്താക്കളുടെ വിവരം നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയത് പരിശോധിച്ചതിൽ ഈ വിഭാഗക്കാരുടെ എണ്ണം തുലോം പരിമിതമാണ്. ഇതിൽ നിന്നും പ്രോജക്റ്റ് രൂപികരിയ്ക്കുന്നതിനു മുൻപ് ആവശ്യമായ ഗുണഭോക്താക്കൾ ഉണ്ട് എന്നുറപ്പാക്കാതെയാണ് പദ്ധതി രൂപീകരിച്ച് നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാണ് .

പട്ടികജാതി /പട്ടികവർഗ്ഗ വികസനവുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ മോണിട്ടർ നടത്തുന്ന വർക്കിംഗ് ഗ്രൂപ്പുകൾ ഇത്തരം പ്രൊജക്ടുകളുടേയും മോണിട്ടർ നടത്തണം. എന്നാൽ ഇപ്രകാരമുള്ള മോണിട്ടറിംഗ് നടന്നിട്ടില്ല. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ഇടപെടലും കാര്യക്ഷമമല്ല.

എസ് സി പി/ടി എസ് പി ഫണ്ടിന്റെ ഗുണഭോക്താക്കൾ 100% വും പട്ടികവിഭാഗത്തിൽ പ്പെട്ടവരായിരിക്കേണ്ടതാണെന്ന് ഉറപ്പാക്കാനാവാത്ത സാഹചര്യത്തിൽ ഇത്തരം പദ്ധതികൾക്കായി തുക വിനിയോഗിക്കുന്നത് പരിശോധനാവിധേയമാക്കേണ്ടതാണ്.

## 3-11 വി ഇ ഒ യുടെ പേരിലുള്ള ഭവനനിർമ്മാണ പദ്ധതികളുടെ അക്കൗണ്ടിലെ തുകകൾ- ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് മുതൽക്കൂട്ടിയില്ല.

അമരമ്പലം ഗ്രാമപഞ്ചായത്ത് വി ഇ ഒ യുടെ പേരിൽ അമരമ്പലം സർവ്വീസ് സഹകരണ ബാങ്കിലുള്ള 11932 നം സേവിംഗ് ബാങ്ക് അക്കൗണ്ടിൽ 1.10.2018 ന് 72,277 രൂപ നീക്കിയിരിപ്പുള്ളത് പരിശോധനയിൽ കണ്ടെത്തി. വിശദാംശങ്ങൾ പരിശോധിച്ചതിൽ ശ്രീ.ഹരിദാസൻ നായർ വി ഇ ഒ യുടെ പേരിൽ ജനറൽ വീട് നിർമ്മാണം പദ്ധതിയ്ക്കായി 22.06.2009 ന് തുടങ്ങിയ അക്കൗണ്ടാണിത്. 15.12.2010 ന് ശേഷം ഒരു ഇടപാടും പ്രസ്തുത അക്കൗണ്ട് മുഖേന നടത്തിട്ടില്ല.

കൂടാതെ, അമരമ്പലം സർവ്വീസ് സഹകരണ ബാങ്കിൽ വി ഇ ഒ യുടെ പേരിലെ 12163 നം. എസ് ബി അക്കൗണ്ടിൽ 31.03.2018 ന് 3257 രൂപ നീക്കിയിരിപ്പുള്ളതായി കണ്ടെത്തി .വിശദാംശങ്ങൾ

പരിശോധിച്ചതിൽ ഇ എം എസ് ഭവനപദ്ധതിയ്ക്കായി അമരമ്പലം സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും ലോൺ കിട്ടുമെന്ന പ്രതീക്ഷയിൽ ഗ്രാമപഞ്ചായത്ത് വിഹിതം അക്കൗണ്ട് തുടങ്ങി നിക്ഷേപിക്കുകയും എന്നാൽ, പിന്നീട് ബാങ്കിൽ നിന്നും ലോൺ ലഭ്യമാകാതെ വരികയും പദ്ധതി പണം ഗുണഭോക്താക്കൾക്ക് അനുവദിക്കുകയുമാണ് ഉണ്ടായത് എന്ന് വ്യക്തമായി.31.03.16 ന് പ്രസ്തുത അക്കൗണ്ടിൽ നിന്നും 1,49,750 രൂപ പിൻവലിച്ച് 2405 -3604-911-99(N P) എന്ന ഹെഡിൽ തിരിച്ചടച്ചതും ഓഡിറ്റിന്റെ ശ്രദ്ധയിൽ പ്പെട്ടു.തുക ബന്ധപ്പെട്ട ഹെഡിലേക്കാണോ തിരിച്ചടച്ചിട്ടുള്ളത് എന്ന് വ്യക്തമല്ല. ആയത് ഈ റിപ്പോർട്ടിനുള്ള മറുപടിയിൽ വ്യക്തമാക്കേണ്ടതാണ്.

പ്രസ്തുത അക്കൗണ്ടുകൾ ജോയിന്റ് അക്കൗണ്ടുകൾ അല്ലാതിനാൽ ,ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കിൽ ഉൾപ്പെട്ടില്ല.വിവരം നാളിതുവരെയും ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപെട്ടിട്ടുമില്ല.

നിലവിൽ ഒരു ഇടപാടും നടക്കാത്ത അക്കൗണ്ടുകളായതിനാലും ,ഗ്രാമപഞ്ചായത്തിലെ മുൻ ഭവനനിർമ്മാണ പദ്ധതികളിൽ ഉൾപ്പെട്ട ,ഭവന നിർമ്മാണം പൂർത്തീകരിയ്ക്കാത്ത ഗുണഭോക്താക്കളെ ലൈഫ് ഭവനപദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിയ്ക്കുകയും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതുമായ സാഹചര്യത്തിൽ പ്രസ്തുത തുക ഗ്രാമപഞ്ചായത്തിന്റെ അർഹമായ അക്കൗണ്ടിലേക്ക് മുതൽക്കൂട്ടാൻ സത്വര നടപടി സ്വീകരിക്കേണ്ടതും തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-12 ആശ്രയപദ്ധതി -നടത്തിപ്പ് കാര്യക്ഷമമായില്ല

ആശ്രയപദ്ധതിയുടെ രണ്ടാം ഘട്ടം 31.03.2017 ന് അവസാനിച്ചു. പദ്ധതിയുടെ കാലാവധി അവസാനിച്ചപ്പോഴും ഭീമമായ തുക നിഷ്ക്രിയമായി ബാങ്ക് അക്കൗണ്ടിൽ തുടരുകയാണ്. ഗുണഭോക്താക്കളുടെ അതിജീവനാവശ്യങ്ങൾ മുഴുവൻ നിറവേറ്റപ്പെട്ടിട്ടില്ല. പദ്ധതി അക്കൗണ്ടിൽ 31.03.2018 ന് (അക്കൗണ്ട് നം.40132101037056 കേരള ഗ്രാമീൺ ബാങ്ക്, പൂക്കോട്ടുംപാടം ശാഖ) 29,15,600 രൂപ നീക്കിയിരിപ്പായി അവശേഷിക്കുന്നുണ്ട്. ആവശ്യത്തിന് ഫണ്ട് ലഭ്യമായിരുന്നിട്ടും സമൂഹത്തിലെ ഏറ്റവും ദരിദ്രരും, നിരാലംബരുമായ ഗുണഭോക്താക്കളുടെ അടിസ്ഥാന, അതിജീവനാവശ്യങ്ങൾ നിർവ്വഹിക്കപ്പെടാതിരിക്കുന്നത്, പദ്ധതി നിർവ്വഹണത്തിലെ ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. പദ്ധതി നടത്തിപ്പിന്റെ പുരോഗതി, പ്രശ്നങ്ങൾ എന്നിവ ദാരിദ്ര്യ ലഘൂകരണ വർക്കിംഗ് ഗ്രൂപ്പിൽ ചർച്ച ചെയ്തതായി കാണുന്നില്ല. പദ്ധതിയുടെ നിർവ്വഹണത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തു നിന്നും ക്രിയാത്മകമായ ഇടപെടൽ ഉണ്ടായിട്ടില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.അഗതി രഹിത കേരളം പദ്ധതിക്കായി പ്രസ്തുതതുക വിനിയോഗിക്കുന്നിന് ഗ്രാമപഞ്ചായത്ത് തീരുമാനമെടുത്തിട്ടുള്ളതായും, പദ്ധതിക്കായി സർവ്വേ പൂർത്തീകരിക്കുകയും, 80ഓളം കുടുംബങ്ങളെ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ടെന്നുമുള്ള വിവരം ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചു. സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ച് പദ്ധതി നടപ്പിലാക്കുന്നതിന് ഊർജ്ജിത ശ്രമങ്ങൾ കൈക്കൊള്ളേണ്ടതാണ്.

## 3-13 മരുന്ന് ലഭ്യമായില്ല.

ഗ്രാമപഞ്ചായത്തിലെ നിർവ്വഹണഉദ്യോഗസ്ഥരായ പി എച്.സി മെഡിക്കൽ ഓഫീസർ മരുന്ന് വാങ്ങുന്നതിന്നായി പണം മുൻകൂറായി സർക്കാർ ഏജൻസിയായ കെ.എം.എസ്.സി എല്ലിനു നൽകുന്നുണ്ട്. 2017-18 ൽ ഇപ്രകാരം 350000 രൂപ നൽകിയിട്ടുണ്ട്. ഓഡിറ്റ് തിയ്യതി വരെ മരുന്ന് ലഭിച്ചിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| പ്രൊജക്റ്റ് | ബിൽ നമ്പർ/ തിയ്യതി | തുക |
|---|---|---|

| | | |
|---|---|---|
| പി എച്.സി യിലേക്ക് മരുന്ന വാങ്ങൽ (106/18) | 12/28.3.2018 | 200000 |
| പരിരക്ഷ (84/18) | 14/28.3.2018 | 150000 |

മരുന്ന ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 2/17.12.18 -ക്ക് മറുപടി നൽകിയിട്ടില്ല. മരുന്ന ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം (ഉണ്ടെങ്കിൽ)

മാർഗ്ഗരേഖ ലംഘിക്കുന്നുണ്ടെങ്കിൽ പ്രത്യേകം പരാമർശിക്കണം.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 178401 | ചെട്ടിപ്പാടം പൊതുശ്മശാനം -ഗ്യാസ് ക്രിമിറ്റോറിയം പ്രവൃത്തി പൂർത്തീകരണം | 178401 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 425000 | നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി നൽകലും വിതരണവും | 425000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 170000 | പച്ചക്കറികൃഷിക്ക് കൂലിചെലവ് സബ്സിഡി | 170000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 800000 | ഭിന്നശേഷി സ്കോളർഷിപ്പ് | 612000 | 188000 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 500000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 500000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1895000 | ഐ എ വൈ -ടി എസ് പി ഫണ്ട് | 1707000 | 32500 (തിരിച്ചടവാക്കിയത്) |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ (ഉണ്ടെങ്കിൽ)

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ നീട്ടൽ | 21700754 | 1479191 | 0 | 1479191 |
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ നീട്ടൽ | 21700762 | 350000 | 0 | 350000 |
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ നീട്ടൽ | 21700761 | 170000 | 0 | 170000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് (ഉണ്ടെങ്കിൽ)

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 5000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 5000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| മലപ്പുറം ജില്ലാ പഞ്ചായത്ത് എംപ്ലോയീസ് കോ.ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് ,മലപ്പുറം ,50 ബി ക്ലാസ് ഷെയറുകൾ | 5000 രൂപ |
| ആകെ | 5000 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 2300രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് | ഭാഗം/ | ഈടാക്കിയ | ഒടുക്കിയ ആളുടെ പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|

| വർഷം | ഖണ്ഡിക | തുക | ഉദ്യോഗ പ്പേരും | |
|---|---|---|---|---|
| 2016-17 | 2-1(1) | 2000 | റോയൽ പെട്രോളിയം,പൂക്കോട്ടുംപാടം | 117020102275/13.09.2017 |
| 2016-17 | 2-1(2) | 100 | വിജയകുമാർ ,മുതുകാട് | 117020102507/20.09.2017 |
| 2016-17 | 2-1(3) | 300 | മാനേജർ ,മാവേലി സ്റ്റോർ, പൂക്കോട്ടുംപാടം | 117020102508/20.09.2017 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം

| ക്രനം | റിപ്പോർട്ട് വര്ഷം | ഖണ്ഡിക നംപർ | ഉത്തരവാദിയായ വ്യക്തി | ചാർജ് സർട്ടിഫിക്കറ്റ് | | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| | | | | നംപർ/തീയതി | തുക | |
| 1 | 1996-97 | 27,28 | കെ രാമചന്ദ്രൻ | എൽ എഫ് 27885/ സ്പെഷ്യൽ സെൽ / എസ് സി ഐ /99തി.18.10.01 | 2084 | അടവാക്കി |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 9,66,61,645 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 10,69,79,651 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3,79,300 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 1,60,000 | ശ്രീമതി .നിഷ കെ, വി ഇ ഒ |
| 3-7 | 52,300 | ശ്രീമതി. നിഷ കെ, വി ഇ ഒ |
| 3-8 | 20,000 | ശ്രീ. പ്രദീപ് നെല്ലിക്കോടൻ ,ഹെഡ്മാസ്റ്റർ |
| 3-9 | 1,47,000 | ശ്രീ. പ്രദീപ് നെല്ലിക്കോടൻ ,ഹെഡ്മാസ്റ്റർ |
| ആകെ | 3,79,300 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1997-98 | കെ എസ് എ -എം പി എം 26/948/2018 തീയ്യതി 28.5.18 | 1 | |
| 1998-99 | കെ എസ് എ -എം പി എം26/948/2018 തീയ്യതി 28.5.18 | 7 | |
| 1999-00 | കെ എസ് എ -എം പി എം26/948/2018 തീയ്യതി 28.5.18 | 2 | |
| 2000-01 | കെ എസ് എ -എം പി എം എം26/948/2018 തീയ്യതി 28.5.18 | 2 | |
| 2001-02 | കെ എസ് എ -എം പി എം എം26/948/2018 തീയ്യതി 28.5.18 | 2 | |

| | | | |
|---|---|---|---|
| 2003-04 | കെ എസ് എ -എം പി എം എം26/948/2018 തീയ്യതി 28.5.18 | 2 | |
| 2004-05 | എൽ.എഫ്.എം5/2097/08 തീയ്യതി 20.4.13 | 22 | |
| 2005-06 | എൽ.എഫ്.എം5/2532/2012 തീയ്യതി 20.4.13 | 12 | |
| 2006-07 | എൽ.എഫ്.എം5/28/2011 തീയ്യതി 20.4.13 | 7 | |
| 2007-08 | എൽ.എഫ്.എം5/703/2012 തീയ്യതി 20.4.13 | 18 | |
| 2008- 09 | എൽ.എഫ്.എം5/2238/2011 തീയ്യതി 20.4.2013 | 7 | |
| 2009-10 | എൽ.എഫ്.എം5/2239/2013 തീയ്യതി 20.4.2013 | 10 | |
| 10-11 | എൽ.എഫ്.എം5/2158/2012 തീയ്യതി 28.9.12 | 8 | |
| 2011-12,12-13 | എൽ.എഫ്.എം5/1925/2014 തീയ്യതി 7.10.14 | 6 | |
| 2013-14<br>2014-15 | കെ.എസ്.എ. എം.പി.എം 26/763/16 തിയ്യതി 28.4.16 | 25 | |
| 2015-16 | കെ.എസ്.എ. എം.പി.എം 26/28/17 തിയ്യതി 02.02.16 | 12 | |
| 2016-17 | കെ.എസ്.എ. എം.പി.എം 26/1619/17 തിയ്യതി 25.07.17 | 17 | |

ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

# 4-11 അനുബന്ധം - 1

ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.എം.പി.എം.26/18/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
ഇ-മെയിൽ: dompm.ksad@kerala.gov.in
പിൻ- 676 505 ഫോൺ: 0483-2734951
തീയ്യതി .22-01-2019

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6) ,2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും,പഞ്ചായത്ത് രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്'ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ അവലംബിച്ചും,22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും അമരമ്പലം ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 വാർഷിക കണക്കുകൾ ശരിയായവിധത്തിൽ സൂക്ഷിയ്ക്കുന്നു.സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്